**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 36** **12-10-2026-ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം വിമാനത്താവളത്തിലെ എൻട്രിഫീസ്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീമതി ഒ. എസ്. അംബിക ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** തിരുവനന്തപുരം വിമാനത്താവളത്തിൽ യാത്രക്കാരെ ഇറക്കുന്നതിനും കൂട്ടികൊണ്ടുപോകുന്നതിനുമായി പ്രവേശിക്കുന്ന വാഹനങ്ങളിൽ നിന്നും ഏറ്റവും കുറഞ്ഞത് 50 രൂപ വരെ ഈടാക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് സംബന്ധിച്ച് സർക്കാരിന്റെ ഭാഗത്ത് നിന്നും എന്തെങ്കിലും അനുമതി തിരുവനന്തപുരം വിമാനത്താവള അധികൃതർക്ക് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ മേൽനോട്ടത്തിൽ പ്രവർത്തിച്ചിരുന്നതും, നിലവിൽ എയർപോർട്ട് അതോറിറ്റിയുമായി ഉണ്ടാക്കിയ കരാർ പ്രകാരം Adani TRV(KERALA) International Airport Limited ന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുകയും ചെയ്യുന്ന തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിലെ എൻട്രി/പാർക്കിംഗ് ഫീസ് സംബന്ധിച്ച് സംസ്ഥാന സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. ഈ വിഷയം സംസ്ഥാന സർക്കാരിന്റെ വിവേചന അധികാരത്തിൽ ഉൾപ്പെടുന്നതല്ല.

തിരുവനന്തപുരം വിമാനത്താവളത്തിൽ യാത്രക്കാരെ ഇറക്കാനും കയറ്റിക്കൊണ്ടുപോകാനും എത്തുന്ന സ്വകാര്യ കാറുകൾക്ക് 8 മിനിറ്റിനു ശേഷം മാത്രമേ ഫീസ് നൽകേണ്ടതുള്ളൂ എന്നും ടാക്സി വാഹനങ്ങൾക്ക് യാത്രക്കാരെ ഇറക്കാൻ 8 മിനിറ്റ് വരെ 50 രൂപയാണ് ഫീസ് എന്നും TRV(KERALA) International Airport Limited അറിയിച്ചിട്ടുണ്ട്.

കേരളത്തിലെ മറ്റ് വിമാനത്താവളങ്ങളിലെ എൻട്രി, പാർക്കിംഗ് ഫീസ് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**(ബി)** കേരളത്തിലെ മറ്റ് വിമാനത്താവളങ്ങളിൽ ഇത്തരത്തിൽ എൻട്രി ഫീ ഈടാക്കുന്നുണ്ടോ; എങ്കിൽ അവ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** ഒരു യാത്രക്കാരൻ ഫ്ലൈറ്റ് ടിക്കറ്റ് എടുക്കുമ്പോൾ എയർപോർട്ട് കൺവീനിയൻസ് ചാർജ് ഉൾപ്പെടെയുള്ള തുക ഈടാക്കിയിട്ടും ഇത്തരം ആവശ്യങ്ങൾക്കായി എത്തുന്ന വാഹനങ്ങളിൽ നിന്ന് പ്രത്യേക ചാർജ് ഈടാക്കുന്നതിനെതിരെ എന്ത് നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**

**<u>അനുബന്ധം- കേരളത്തിലെ വിമാനത്താവളങ്ങളിലെ എൻട്രി/പാർക്കിംഗ് ഫീസ്</u>**

| വിമാനത്താവളം | ഫീസ് വിവരങ്ങൾ |
|---|---|
| തിരുവനന്തപുരം | • സ്വകാര്യ വാഹനങ്ങൾക്ക് 8 മിനിറ്റ് വരെ സൗജന്യം.<br>• ടാക്സി വാഹനങ്ങൾക്ക് ആദ്യ 8 മിനിട്ട് വരെ 50 രൂപ |
| കൊച്ചി | • സ്വകാര്യ വാഹനങ്ങൾക്ക് ആദ്യ 10 മിനിട്ട് സൗജന്യം.<br>• ടാക്സി വാഹനങ്ങൾക്ക് ആദ്യ 10 മിനിട്ട് വരെ 60 രൂപ |
| കണ്ണൂർ | • സ്വകാര്യ വാഹനങ്ങൾക്ക് ആദ്യ 2 മണിക്കൂർ വരെ വാഹനത്തിന്റെ വലിപ്പം അനുസരിച്ചുള്ള നിരക്ക് ( ഇരുചക്ര വാഹനം-10/-, മുച്ചക്ര വാഹനം-20/-, കാർ-60/-, മിനി ബസ്-100/-, ബസ്-120/-)<br>• ടാക്സി വാഹനങ്ങൾക്ക് ആദ്യ 2 മണിക്കൂർ വരെ വാഹനത്തിന്റെ വലിപ്പം അനുസരിച്ചുള്ള നിരക്ക് ( മുച്ചക്ര വാഹനം-20/-, കാർ-120/-, മിനി ബസ്-500/-, ബസ്-700/-) |
| കോഴിക്കോട് | • എയർപോർട്ട് അതോറിറ്റിയുടെ കീഴിലുള്ള വിമാനത്താവളമായതിനാൽ AAI അംഗീകരിച്ച നിരക്കുകൾ. |